ഉത്തരം

(എ) നൽകാറുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ ആവശ്യം പരിശോധിക്കുകയും തൽസ്ഥിതി തുടരുന്നതാണ് ഉചിതമെന്ന് തീരുമാനമെടുക്കുകയും ചെയ്തു.

എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി. നിയമനം

46 (4378) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി. വിഭാഗങ്ങളിൽ ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ജൂനിയർ/സീനിയർ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പി.എസ്.സി. ഒരേ ടെസ്റ്റിൽനിന്നും എച്ച്.എസ്.എസ്.ടി. ജൂനിയർ-സീനിയർ വിഭാഗങ്ങളിലായി രണ്ടു ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ ;

(ഇ) എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി., വിഭാഗങ്ങളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ജനറൽ സംവരണ വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം :

ഫിസിക്സ് (സീനിയർ)	-	2
ഫിസിക്സ് (ജൂനിയർ)	-	100
കെമിസ്ട്രി (സീനിയർ)	-	3

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കെമിസ്ട്രി (ജൂനിയർ)	-	150
കണക്ക് (സീനിയർ)	-	7
കണക്ക് (ജൂനിയർ)	-	212

(സി) എച്ച്.എസ്.എസ്.ടി. (കണക്ക്) ജൂനിയർ തസ്തികയിൽ 188 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ടിയാളുകൾക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭ്യമായിട്ടില്ല. എച്ച്.എസ്.എ. തസ്തികയിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി & ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

എച്ച്.എസ്.എസ്.ടി. (ഹിന്ദി) തസ്തികയിലെ ഒഴിവുകൾ

47 (4379) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എസ്.ടി. (ഹിന്ദി) തസ്തികയുടെ അഡ്വൈസ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ഇപ്പോൾ ഈ തസ്തികയിൽ (ജൂനിയർ, സീനിയർ) എത്ര ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് എന്നത്തേക്ക് അഡ്വൈസ് അയയ്ക്കാനാകുമെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുവാൻ പി.എസ്.സി. ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) എച്ച്.എസ്.എസ്.ടി. (ഹിന്ദി) ജൂനിയർ തസ്തികയിൽ 124 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹിന്ദി സീനിയർ തസ്തികയിലെ ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ സീനിയർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളെല്ലാം തസ്തികമാറ്റം വഴി നികത്തുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്. യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമേ ടി തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്താറുള്ളൂ.

(സി) അത്തരമൊരു തീരുമാനം കമ്മീഷൻ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly